ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് നാല്

# നമ്മുടെ ആത്മിക ഭക്ഷണവും, നമ്മുടെ ആത്മിക പാറയും, കർത്തൃമേശയുടെ ഉള്ളടക്കവും

TW *Hymns*: ML71, ML267

തിരുവെഴുത്ത് വായന: 1 കൊരി. 10:3-4, 16-17, 21; 11:23-26

1 കൊരി. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 കൊരി. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 കൊരി. 10:16 നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

1 കൊരി. 10:21 നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും പാനം ചെയ്യുവാൻ കഴിയുകയില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിൽ നിന്നും ഭൂതങ്ങളുടെ മേശയിൽനിന്നും പങ്കുകൊള്ളുവാൻ കഴിയുകയില്ല.

1 കൊരി. 11:23 ഞാൻ കർത്താവിൽ നിന്നു സ്വീകരിച്ചത് നിങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്നു, കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്ത്,

1 കൊരി. 11:24 സ്തോത്രം ചൊല്ലി, നുറുക്കി, ഇത് നിങ്ങൾക്കു വേണ്ടി നൽകപ്പെട്ട എന്റെ ശരീരം ആകുന്നു; എന്റെ, ഓർമയ്ക്കായി ഇത് ചെയ്യുവിൻ എന്നു പറഞ്ഞു.

1 കൊരി. 11:25 അതുപോലെ അത്താഴം കഴിച്ചശേഷം പാനപാത്രവും എടുത്തു പറഞ്ഞത്: ഈ പാനപാത്രം എന്റെ രക്തത്തിൽ സ്ഥാപിച്ച പുതിയ ഉടമ്പടി ആകുന്നു; ഇത് നിങ്ങൾ കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.

1 കൊരി. 11:26 നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രഖ്യാപിക്കുന്നു.

**I. ക്രിസ്തുവിനാൽ ജീവിക്കുവാൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി പിതാവായ ദൈവത്താൽ അയയ്ക്കപ്പെട്ട യഥാർഥ മന്നയായ, നമ്മുടെ ആത്മിക ഭക്ഷണമായ ക്രിസ്തു എന്ന ഭക്ഷണക്രമത്തിലേക്ക് നമ്മുടെ ഭക്ഷണക്രമം മാറ്റുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതാണ് പുറപ്പാട് 16-ലെ ആഴമേറിയ സത്യം—1 കൊരി. 10:3; യോഹ. 6:31-35, 48-51, 57-58:**

Exo 16 be omitted.

1 കൊരി. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

യോഹ. 6:31 “അവർക്കു ഭക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് അവൻ അപ്പം നൽകി” എന്ന് എഴുതിയിരിക്കുന്നതുപോലെ, നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു എന്നു പറഞ്ഞു.

യോഹ. 6:32 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശെ നിങ്ങൾക്കു സ്വർഗത്തിൽനിന്ന് അപ്പം നൽകിയിട്ടില്ല, എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സത്യ അപ്പം നിങ്ങൾക്കു നൽകുന്നത്.

യോഹ. 6:33 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിനു ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു.

യോഹ. 6:34 അതുകൊണ്ട് അവർ അവനോട്, കർത്താവേ, ഞങ്ങൾക്ക് എപ്പോഴും ഈ അപ്പം നൽകേണം എന്നു പറഞ്ഞു.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

യോഹ. 6:49 നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചെങ്കിലും, മരിച്ചു.

യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

യോഹ. 6:58 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു, പിതാക്കന്മാർ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതുപോലെയല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.

A. ഈ പ്രപഞ്ചത്തിൽ നമ്മെ ദൈവത്തിന്റെ വാസസ്ഥലമാക്കുന്നതിന് നമ്മുടെ പുനഃസംരചിക്കുന്ന മൂലകവും നമ്മുടെ ജീവസഹായവുമാകുവാൻ ക്രിസ്തുവിൽനിന്ന് നാം ഭക്ഷിക്കുന്നതെല്ലാം ഒരു നിത്യസ്മരണയായിരിക്കും—പുറ. 16:16, 32.

പുറ. 16:16 ഓരോരുത്തന്നു ഭക്ഷിക്കാകുന്നെടത്തോളം പെറുക്കിക്കൊൾവിൻ; താന്താന്റെ കൂടാരത്തിലുള്ളവരുടെ എണ്ണത്തിന്നൊത്തവണ്ണം ആളൊന്നിന്നു ഇടങ്ങഴിവീതം എടുത്തുകൊള്ളേണം എന്നു യഹോവ കല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു.

പുറ. 16:32 പിന്നെ മോശെ: യഹോവ കല്പിക്കുന്ന കാര്യം ആവിതു: ഞാൻ നിങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവരുമ്പോൾ നിങ്ങൾക്കു മരുഭൂമിയിൽ ഭക്ഷിപ്പാൻ തന്ന ആഹാരം നിങ്ങളുടെ തലമുറകൾ കാണേണ്ടതിന്നു സൂക്ഷിച്ചുവെപ്പാൻ അതിൽനിന്നു ഒരിടങ്ങഴി നിറച്ചെടുക്കേണം എന്നു പറഞ്ഞു.

B. പൊൻകുടത്തിലെ മന്ന ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കേന്ദ്രബിന്ദുവായിരുന്നതുപോലെ, നാം ഭക്ഷിച്ച മന്നയായ ക്രിസ്തു ഇന്ന് ദൈവത്തിന്റെ കെട്ടിടത്തിന്റെ കേന്ദ്രബിന്ദുവാണ്—എബ്രാ. 9:3-4; എഫെ. 4:16; കൊലൊ. 2:19.

എബ്രാ. 9:3 രണ്ടാം തിരശ്ശീലക്കു ശേഷം, അതിവിശുദ്ധം എന്നു വിളിക്കുന്ന

കൂടാരമുണ്ട്,

എബ്രാ. 9:4 അതിൽ സ്വർണപീഠവും എല്ലായിടവും സ്വർണത്താൽ പൊതിയപ്പെട്ട ഉടമ്പടിയുടെ പെട്ടകവും ഉണ്ട്, അതിനുള്ളിൽ മന്നയുള്ള പൊൻകുടവും അഹരോന്റെ തളിർത്ത വടിയും ഉടമ്പടിയുടെ പലകകളും,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

C. നമ്മുടെ നിലനില്പിനും ബലത്തിനും സംതൃപ്തിക്കുമായി നാം എടുക്കുന്ന നിസ്തുലമായ ഭക്ഷണം ക്രിസ്തു ആയിരിക്കണം, പുതിയനിയമത്തിലെ നിസ്തുലമായ ഏക ശുശ്രൂഷ, ദൈവജനത്തിനുള്ള നിസ്തുല ഭക്ഷണമായി ക്രിസ്തുവിനെ എത്തിക്കുകയും ചെയ്യുന്നു—സംഖ്യ. 11:5-6; പ്ര.നി. പ്രവൃ. 1:17, 25; 2 കൊരി. 4:1; 1 തിമൊ. 1:12; 2 കൊരി. 3:6.

സംഖ്യ. 11:5 ഞങ്ങൾ മിസ്രയീമിൽവെച്ചു വിലകൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്കാ, മത്തെങ്ങാ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു.

സംഖ്യ. 11:6 ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു; ഈ മന്നാ അല്ലാതെ ഒന്നും കാണ്മാനില്ല എന്നു പറഞ്ഞു.

പ്രവൃ. 1:17 അവനെ നമ്മുടെ ഇടയിൽ അക്കമിട്ടിരുന്നു, ഈ ശുശ്രൂഷയിലെ അവന്റെ പങ്ക് നൽകിയുമിരുന്നു.

പ്രവൃ. 1:25 ഈ രണ്ടു പേരിൽ നീ തിരഞ്ഞെടുത്തിരിക്കുന്നവനെ വ്യക്തമായി ഞങ്ങൾക്ക് കാണിച്ചുതരേണമേ.

2 കൊരി. 4:1 അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല;

1 തിമൊ. 1:12 എന്നെ ശക്തനാക്കുന്ന നമ്മുടെ കർത്താവായ ക്രിസ്തു യേശു, എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് നിയമിച്ചതിനാൽ ഞാൻ അവനു നന്ദി ചൊല്ലുന്നു,

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

D. നമ്മുടെ നിസ്തുല ഭക്ഷണമായ, നമ്മുടെ ദൈനംദിന മന്നയായ, ക്രിസ്തുവിന്റെ സവിശേഷതകൾ, നാം അവനെ തുടർച്ചയായി ആസ്വദിക്കുമ്പോൾ നമ്മുടെ ചയാപചയ രൂപാന്തരത്തിലൂടെ അവന്റെ മഹിമയ്ക്കായി നമ്മുടെ സവിശേഷതകളായിത്തീരുന്നു—യോഹ. 6:57; ഫിലി. 1:20-21; പ്ര.നി. ഗലാ. 6:17:

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

ഗലാ. 6:17 ഇനി ആരും എന്നെ അസഹ്യപ്പെടുത്താതിരിക്കട്ടെ, ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ ചൂടടയാളങ്ങൾ വഹിക്കുന്നുവല്ലോ.

1. മന്ന ഒരു മർമമാണ്—പുറ. 16:15; കൊലൊ. 2:2; യെശ. 9:6; എഫെ. 3:4; യോഹ. 3:8.

പുറ. 16:15 യിസ്രായേൽമക്കൾ അതുകണ്ടാറെ എന്തെന്നു അറിയായ്കയാൽ ഇതെന്തു എന്നു തമ്മിൽ തമ്മിൽ ചോദിച്ചു. മോശെ അവരോടു: ഇതു യഹോവ നിങ്ങൾക്കു ഭക്ഷിപ്പാൻ തന്നിരിക്കുന്ന ആഹാരം ആകുന്നു.

കൊലൊ. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

യെശ. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

എഫെ. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

യോഹ. 3:8 കാറ്റ് അത് ഇച്ഛിക്കുന്ന ഇടത്തേക്കു വീശുന്നു, നീയോ അതിന്റെ ശബ്ദം കേൾക്കുന്നു, എന്നാൽ അത് എവിടെ നിന്ന് വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല; ആത്മാവിൽനിന്നു ജനിച്ചിരിക്കുന്ന ഏവനും അങ്ങനെതന്നെയാകുന്നു.

2. മന്ന ഒരു ദീർഘകാല അത്ഭുതമാണ്—പുറ. 16:4; പ്ര.നി. മത്താ. 6:34.

പുറ. 16:4 അപ്പോൾ യഹോവ മോശെയോടു: ഞാൻ നിങ്ങൾക്കു ആകാശത്തുനിന്നു അപ്പം വർഷിപ്പിക്കും; ജനം എന്റെ ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്നു ഞാൻ അവരെ പരീക്ഷിക്കേണ്ടതിന്നു അവർ പുറപ്പെട്ടു ഓരോ ദിവസത്തേക്കു വേണ്ടതു അന്നന്നു പെറുക്കിക്കൊള്ളേണം.

മത്താ. 6:34 അതുകൊണ്ടു നാളേക്കായി വിചാരപ്പെടരുത്, എന്തെന്നാൽ

നാളത്തെ ദിവസം അതിനായിത്തന്നെ വിചാരപ്പെടും; അതതു ദിവസത്തിനു അതതിന്റെ തിന്മ മതി.

3. മന്ന സ്വർഗത്തിൽനിന്നുള്ളതാണ്—പുറ. 16:4; യോഹ. 6:41.

പുറ. 16:4 അപ്പോൾ യഹോവ മോശെയോടു: ഞാൻ നിങ്ങൾക്കു ആകാശത്തുനിന്നു അപ്പം വർഷിപ്പിക്കും; ജനം എന്റെ ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്നു ഞാൻ അവരെ പരീക്ഷിക്കേണ്ടതിന്നു അവർ പുറപ്പെട്ടു ഓരോ ദിവസത്തേക്കു വേണ്ടതു അന്നന്നു പെറുക്കിക്കൊള്ളേണം.

യോഹ. 6:41 അതുകൊണ്ട് സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാകുന്നു എന്ന് അവൻ പറഞ്ഞതു നിമിത്തം, യെഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു.

4. മന്ന മഞ്ഞിനോടുകൂടെ വരുന്നു—പുറ. 16:13-14; സംഖ്യ 11:9; സംഖ്യ. 133:3; വിലാപ. 3:22-23; എബ്രാ. 4:16; സങ്കീ. 110:3.

പുറ. 16:13 വൈകുന്നേരം കാടകൾ വന്നു പാളയത്തെ മൂടി; പ്രഭാതകാലത്തു പാളയത്തിന്റെ ചുറ്റും മഞ്ഞു വീണുകിടന്നു.

പുറ. 16:14 വീണുകിടന്ന മഞ്ഞു മാറിയ ശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറെച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു.

സംഖ്യ. 11:9 രാത്രി പാളയത്തിൽ മഞ്ഞു പൊഴിയുമ്പോൾ മന്നയും പൊഴിയും.

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

വിലാ. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

വിലാ. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

സങ്കീ. 110:3 നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.

5. മന്ന രാവിലെ വരുന്നു—പുറ. 16:21; പ്ര.നി. ഉത്തമ. 1: 6; 7:12; യോഹ. 5:39-40; റോമ. 6:4; 7:6.

പുറ. 16:21 അവർ രാവിലെതോറും അവനവന്നു ഭക്ഷിക്കാകുന്നേടത്തോളം പെറുക്കും; വെയിൽ മൂക്കുമ്പോൾ അതു ഉരുകിപ്പോകും.

ഉത്ത. 1:6b ...എന്റെ അമ്മയുടെ പുത്രന്മാർ എന്നോടു കോപിച്ചു. എന്നെ

മുന്തിരിത്തോട്ടങ്ങൾക്കു കാവലാക്കി; എന്റെ സ്വന്ത മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ലതാനും.

ഉത്ത. 7:12 പ്രിയാ, വരിക; നാം വെളിംപ്രദേശത്തു പോക; നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

യോഹ. 5:39 നിങ്ങൾ തിരുവെഴുത്തുകളെ തിരയുന്നു, എന്തുകൊണ്ടെന്നാൽ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു; അവയാകുന്നു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്.

യോഹ. 5:40 എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ല.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

6. മന്ന ചെറുതാണ്—പുറ. 16:14; ലൂക്കൊ. 2:12; യോഹ. 6:35; പ്ര.നി. ന്യായാ. 9:9, 11, 13; മത്താ. 13:31-32.

പുറ. 16:14 വീണുകിടന്ന മഞ്ഞു മാറിയ ശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറെച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു.

ലൂക്കൊ. 2:12 ഇതായിരിക്കും നിങ്ങൾക്കുള്ള അടയാളം: തുണികളിൽ പുതപ്പിച്ച് തൊഴുത്തിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കണ്ടെത്തും.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

ന്യായാ. 9:9 അതിന്നു ഒലിവു വൃക്ഷം: ദൈവവും മനുഷ്യരും എന്നെ പുകഴ്ത്തുവാൻ ഹേതുവായിരിക്കുന്ന എന്റെ പുഷ്ടി ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

ന്യായാ. 9:11 അതിന്നു അത്തിവൃക്ഷം: എന്റെ മധുരവും വിശേഷപ്പെട്ട പഴവും ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെ മേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

ന്യായാ. 9:13 മുന്തിരിവള്ളി അവയോടു: ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ചു

വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

മത്താ. 13:31 അവൻ മറ്റൊരു ഉപമ അവർക്കു മുമ്പാകെ വച്ചു പറഞ്ഞത്, സ്വർഗരാജ്യം ഒരു കടുകുമണിയോടു സദൃശം ആകുന്നു; അതിനെ ഒരു മനുഷ്യൻ എടുത്ത് തന്റെ വയലിൽ വിതച്ചു,

മത്താ. 13:32 അതു സകല വിത്തുകളിലും ചെറുതാകുന്നു; എന്നാൽ വളർന്നു കഴിയുമ്പോൾ സസ്യങ്ങളെക്കാൾ വലുതായി ആകാശത്തിലെ പറവകൾ വന്ന് അതിന്റെ ശാഖകളിൽ കൂടുകൂട്ടുവാൻ തക്കവണ്ണം ഒരു വൃക്ഷമായിത്തീരുന്നു.

7. മന്ന നേരിയതാണ്—പുറ. 16:14; യോഹ. 6:12.

പുറ. 16:14 വീണുകിടന്ന മഞ്ഞു മാറിയ ശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറൈച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു.

യോഹ. 6:12 അവർക്ക് നിറഞ്ഞപ്പോൾ, അവൻ തന്റെ ശിഷ്യന്മാരോട്, ഒന്നും നഷ്ടമാകാതിരിക്കേണ്ടതിന്, ശേഷിച്ച നുറുക്കുകൾ ശേഖരിക്കുവിൻ എന്നു പറഞ്ഞു.

8. മന്ന വൃത്താകൃതിയിലാണ്—പുറ. 16:14; യോഹ. 8:58.

പുറ. 16:14 വീണുകിടന്ന മഞ്ഞു മാറിയ ശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറൈച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു.

യോഹ. 8:58 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

9. മന്ന വെളുത്തതാണ്—പുറ. 16:31; സങ്കീ. 12:6; 119:140; 2 കൊരി. 11:3.

പുറ. 16:31 യിസ്രായേല്യർ ആ സാധനത്തിന്നു മന്നാ എന്നു പേരിട്ടു; അതു കൊത്തമ്പാലരിപോലെയും വെള്ളനിറമുള്ളതും തേൻ കൂട്ടിയ ദോശയോടൊത്ത രുചിയുള്ളതും ആയിരുന്നു.

സങ്കീ. 12:6 യഹോവയുടെ വചനങ്ങൾ നിർമ്മല വചനങ്ങൾ ആകുന്നു; നിലത്തു ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ തന്നേ.

സങ്കീ. 119:140 നിന്റെ വചനം അതിവിശുദ്ധമാകുന്നു; അതുകൊണ്ടു അടിയന്നു അതു പ്രിയമാകുന്നു.

2 കൊരി. 11:3b ...നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു..

10. മന്ന മഞ്ഞുപോലെയാണ്—പുറ. 16:14; സദൃ. 17:27.

പുറ. 16:14 വീണുകിടന്ന മഞ്ഞു മാറിയ ശേഷം മരുഭൂമിയിൽ എല്ലാടവും ചെതുമ്പലിന്റെ മാതിരിയിൽ ഒരു നേരിയ വസ്തു ഉറൈച്ച മഞ്ഞുപോലെ നിലത്തു കിടക്കുന്നതു കണ്ടു.

സദൃ. 17:27 വാക്കു അടക്കിവെക്കുന്നവൻ പരിജ്ഞാനമുള്ളവൻ; ശാന്തമാനസൻ ബുദ്ധിമാൻ തന്നേ.

11. മന്ന കൊത്തമ്പാലരി പോലെയാണ്—പുറ. 16:31; സംഖ്യ 11:7; ലൂക്കൊ. 8:11.

പുറ. 16:31 യിസ്രായേല്യർ ആ സാധനത്തിന്നു മന്നാ എന്നു പേരിട്ടു; അതു

കൊത്തമ്പാലരിപോലെയും വെള്ളനിറമുള്ളതും തേൻ കൂട്ടിയ ദോശയോടൊത്ത രുചിയുള്ളതും ആയിരുന്നു.

സംഖ്യ. 11:7 മന്നയോ കൊത്തമ്പാലരിപോലെയും അതിന്റെ നിറം ഗുല്ഗുലുവിന്റേതുപോലെയും ആയിരുന്നു.

ലൂക്കൊ. 8:11 ഉപമ ഇതാകുന്നു: വിത്ത് ദൈവവചനം.

12. മന്ന ഉറപ്പുള്ളതാണ്—സംഖ്യ. 11:8; 2 കൊരി. 1:4; എഫെ. 6:18.

സംഖ്യ. 11:8 ജനം നടന്നു പെറുക്കി തിരികല്ലിൽ പൊടിച്ചിട്ടോ ഉരലിൽ ഇടിച്ചിട്ടോ കലത്തിൽ പുഴുങ്ങി അപ്പം ഉണ്ടാക്കും. അതിന്റെ രുചി എണ്ണചേർത്തുണ്ടാക്കിയ ദോശപോലെ ആയിരുന്നു.

2 കൊരി. 1:4 ദൈവം ഞങ്ങളെ ആശ്വസിപ്പിച്ച ആശ്വാസത്താൽ, സകല ക്ലേശത്തിലും ആയിരിക്കുന്നവരെ ഞങ്ങൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയേണ്ടതിന്, ഞങ്ങളുടെ സകല ക്ലേശത്തിലും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

13. മന്ന കാഴ്ചയ്ക്ക് ഗുൽഗുലു പോലെയാണ്—സംഖ്യ. 11:7; വെളി. 4:6, 8; യെഹെ. 1:18.

സംഖ്യ. 11:7 മന്നയോ കൊത്തമ്പാലരിപോലെയും അതിന്റെ നിറം ഗുല്ഗുലുവിന്റേതുപോലെയും ആയിരുന്നു.

വെളി. 4:6 സിംഹാസനത്തിനു മുമ്പിൽ പളുങ്കുപോലെയുള്ള കണ്ണാടിക്കടൽ പോലെ ഒന്നുണ്ടായിരുന്നു; മുന്നിലും പിന്നിലും കണ്ണുകൾ നിറഞ്ഞ നാലു ജീവികൾ സിംഹാസനത്തിനു മധ്യേയും സിംഹാസനത്തിനു ചുറ്റിലും ഉണ്ടായിരുന്നു.

വെളി. 4:8 ഓരോന്നിനും ആറാറു ചിറകുകൾ ഉള്ള നാലു ജീവികൾ, ചുറ്റിലും ഉള്ളിലും കണ്ണുകളാൽ നിറഞ്ഞവരാകുന്നു; ഉണ്ടായിരുന്നവനും ഉള്ളവനും വരുന്നവനുമായ, സർവശക്തനായ കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവർ രാപ്പകൽ വിശ്രമമില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

യെഹെ. 1:18 അവയുടെ വട്ടു പൊക്കമേറിയതും ഭയങ്കരവും ആയിരുന്നു; നാലിന്റെയും വട്ടുകൾക്കു ചുറ്റും അടുത്തടുത്തു കണ്ണുണ്ടായിരുന്നു.

14. മന്നയുടെ രുചി പുതുമയുള്ള എണ്ണയുടേതു പോലെയാണ്—സംഖ്യ. 11:8; സംഖ്യ. 92:10.

സംഖ്യ. 11:8 ജനം നടന്നു പെറുക്കി തിരികല്ലിൽ പൊടിച്ചിട്ടോ ഉരലിൽ ഇടിച്ചിട്ടോ കലത്തിൽ പുഴുങ്ങി അപ്പം ഉണ്ടാക്കും. അതിന്റെ രുചി എണ്ണചേർത്തുണ്ടാക്കിയ ദോശപോലെ ആയിരുന്നു.

സങ്കീ. 92:10 എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.

15. മന്നയുടെ രുചി തേൻകൂട്ടിയ ദോശയോട് ഒത്തതാണ്—പുറ. 16:31; സങ്കീ. 119:103.

പുറ. 16:31 യിസ്രായേല്യർ ആ സാധനത്തിന്നു മന്നാ എന്നു പേരിട്ടു; അതു കൊത്തമ്പാലരിപോലെയും വെള്ളനിറമുള്ളതും തേൻ കൂട്ടിയ ദോശയോടൊത്ത രുചിയുള്ളതും ആയിരുന്നു.

സങ്കീ. 119:103 തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു.

16. മന്ന വട ഉണ്ടാക്കുവാൻ നല്ലതാണ്—സംഖ്യ. 11:8; 1 തിമൊ. 4:6.

സംഖ്യ. 11:8 ജനം നടന്നു പെറുക്കി തിരികല്ലിൽ പൊടിച്ചിട്ടോ ഉരലിൽ ഇടിച്ചിട്ടോ കലത്തിൽ പുഴുങ്ങി അപ്പം ഉണ്ടാക്കും. അതിന്റെ രുചി എണ്ണചേർത്തുണ്ടാക്കിയ ദോശപോലെ ആയിരുന്നു.

1 തിമൊ. 4:6 ഈ കാര്യങ്ങളെ നീ സഹോദരന്മാരുടെ മുമ്പാകെ വച്ചാൽ, വിശ്വാസത്തിന്റെയും നീ സൂക്ഷ്മമായി പിൻപറ്റിയ സദുപദേശത്തിന്റെയും വചനങ്ങളാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട്, നീ ക്രിസ്തു യേശുവിന്റെ നല്ല ശുശ്രൂഷകനാകും.

**II. തന്റെ ജനത്തെ പിന്തുടരുന്ന ഒരു ആത്മിക പാറയായിത്തീരുവാൻ ക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഈ പിന്തുടരുന്ന പാറ ജീവൻ-നൽകുന്ന ആത്മാവായ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്, അവൻ തന്റെ വിശ്വാസികൾക്ക് ജീവജലം നൽകുവാൻ എപ്പോഴും സഭയോടുകൂടെയുണ്ട്—1 കൊരി. 10:4; പുറ. 17:6; സംഖ്യ 20:8; യോഹ. 19:34:**

1 കൊരി. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

പുറ. 17:6 ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നില്ക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിന്നു കുടിപ്പാൻ വെള്ളം അതിൽനിന്നു പുറപ്പെടും എന്നു കല്പിച്ചു. യിസ്രായേൽമൂപ്പന്മാർ കാൺകെ മോശെ അങ്ങനെ ചെയ്തു.

സംഖ്യ. 20:8 എന്നാൽ അതു വെള്ളം തരും; പാറയിൽനിന്നു അവർക്കു വെള്ളം പുറപ്പെടുവിച്ചു ജനത്തിന്നും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കേണം എന്നു അരുളിച്ചെയ്തു.

യോഹ. 19:34 എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.

A. ജീവന്റെ ആത്മാവിനെ മുൻകുറിക്കുന്ന ജലത്തിന്റെ ആഭാവം ദൈവജനത്തിനിടയിൽ പ്രശ്നത്തിന് കാരണമാകാം; ദൈവജനത്തിന് ജീവന്റെ ആത്മാവിന്റെ കുറവുള്ളപ്പോഴെല്ലാം അവർക്ക് പ്രശ്നങ്ങളുണ്ടായിരിക്കും; ദൈവജനത്തിന് ആത്മാവിന്റെ സമൃദ്ധി ഉണ്ടായിരിക്കുമ്പോൾ, അവർക്കിടയിലും ദൈവവുമായുമുള്ള അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു—സംഖ്യ. 20:2-13; യോഹ. 7:37-39; റോമ. 8:2.

സംഖ്യ. 20:2 ജനത്തിന്നു കുടിപ്പാൻ വെള്ളം ഉണ്ടായിരുന്നില്ല; അപ്പോൾ അവർ മോശെക്കും അഹരോന്നും വിരോധമായി കൂട്ടം കൂടി.

സംഖ്യ. 20:3 ജനം മോശെയോടു കലഹിച്ചു: ഞങ്ങളുടെ സഹോദരന്മാർ യഹോവയുടെ സന്നിധിയിൽ മരിച്ചപ്പോൾ ഞങ്ങളും മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു.

സംഖ്യ. 20:4 ഞങ്ങളും ഞങ്ങളുടെ മൃഗങ്ങളും ഇവിടെ കിടന്നു ചാകേണ്ടതിന്നു നിങ്ങൾ യഹോവയുടെ സഭയെ ഈ മരുഭൂമിയിൽ കൊണ്ടുവന്നതു എന്തു?

സംഖ്യ. 20:5 ഈ വല്ലാത്ത സ്ഥലത്തു ഞങ്ങളെ കൊണ്ടുവരുവാൻ നിങ്ങൾ മിസ്രയീമിൽനിന്നു ഞങ്ങളെ പുറപ്പെടുവിച്ചതു എന്തിന്നു? ഇവിടെ വിത്തും അത്തിപ്പഴവും മുന്തിരിപ്പഴവും മാതളപ്പഴവും ഇല്ല; കുടിപ്പാൻ വെള്ളവുമില്ല എന്നു പറഞ്ഞു.

സംഖ്യ. 20:6 എന്നാറെ മോശെയും അഹരോനും സഭയുടെ മുമ്പിൽനിന്നു സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കവിണ്ണുവീണു; യഹോവയുടെ തേജസ്സു അവർക്കു പ്രത്യക്ഷമായി.

സംഖ്യ. 20:7 യഹോവ മോശെയോടു: നിന്റെ വടി എടുത്തു നീയും സഹോദരനായ അഹരോനും സഭയെ വിളിച്ചുകൂട്ടി അവർ കാൺകെ പാറയോടു കല്പിക്ക.

സംഖ്യ. 20:8 എന്നാൽ അതു വെള്ളം തരും; പാറയിൽനിന്നു അവർക്കു വെള്ളം പുറപ്പെടുവിച്ചു ജനത്തിന്നും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കേണം എന്നു അരുളിച്ചെയ്തു.

സംഖ്യ. 20:9 തന്നോടു കല്പിച്ചതുപോലെ മോശെ യഹോവയുടെ സന്നിധിയിൽനിന്നു വടി എടുത്തു.

സംഖ്യ. 20:10 മോശെയും അഹരോനും പാറയുടെ അടുക്കൽ സഭയെ വിളിച്ചുകൂട്ടി അവരോടു: മത്സരികളേ, കേൾപ്പിൻ; ഈ പാറയിൽനിന്നു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞു.

സംഖ്യ. 20:11 മോശെ കൈ ഉയർത്തി വടികൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു; വളരെ വെള്ളം പുറപ്പെട്ടു; ജനവും അവരുടെ കന്നുകാലികളും കുടിച്ചു.

സംഖ്യ. 20:12 പിന്നെ യഹോവ മോശെയോടും അഹരോനോടും: നിങ്ങൾ യിസ്രായേൽമക്കൾ കാൺകെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നെ വിശ്വസിക്കാതിരുന്നതുകൊണ്ടു നിങ്ങൾ ഈ സഭയെ ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തേക്കു കൊണ്ടുപോകയില്ല എന്നു അരുളിച്ചെയ്തു.

സംഖ്യ. 20:13 ഇതു യിസ്രായേൽമക്കൾ യഹോവയോടു കലഹിച്ചതും അവർ അവരിൽ ശുദ്ധീകരിക്കപ്പെട്ടതുമായ കലഹജലം.

യോഹ. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന്

ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

B. ക്രിസ്തു ക്രൂശിക്കപ്പെടുകയും ആത്മാവ് നൽകപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ, ക്രിസ്തു വീണ്ടും ക്രൂശിക്കപ്പെടേണ്ട ആവശ്യമില്ല; അതായത്, ജീവജലം ഒഴുകേണ്ടതിന് വീണ്ടും പാറയെ അടിക്കേണ്ട ആവശ്യമില്ല; ദൈവത്തിന്റെ വ്യവസ്ഥയിൽ ക്രിസ്തു ഒരിക്കൽ മാത്രം ക്രൂശിക്കപ്പെടണം—എബ്രാ. 7:27; 9:26-28.

എബ്രാ. 7:27 അവനു മഹാപുരോഹിതന്മാർക്ക് ആവശ്യമുള്ളതുപോലെ ആദ്യം സ്വന്തം പാപങ്ങൾക്കും പിന്നീട് ജനത്തിന്റെ പാപങ്ങൾക്കും ദിനന്തോറും യാഗം അർപ്പിക്കേണ്ട ആവശ്യമില്ല; ഇത് അവൻ തന്നെത്താൻ അർപ്പിച്ചപ്പോൾ ഒരിക്കലായി ചെയ്തുവല്ലോ.

എബ്രാ. 9:26 അങ്ങനെയെങ്കിൽ ലോകസ്ഥാപനം മുതൽ അവനു പലപ്പോഴായി കഷ്ടം സഹിക്കേണ്ടതായി വരുമായിരുന്നു. എന്നാൽ ഇപ്പോൾ യുഗങ്ങളുടെ പരിണതിയിൽ തന്റെതന്നെ യാഗത്തിലൂടെ പാപത്തെ നീക്കം ചെയ്യുന്നതിനായി അവൻ ഒരിക്കൽ വെളിവായിരിക്കുന്നു.

എബ്രാ. 9:27 ഒരിക്കൽ മരണവും അതിനുശേഷം ന്യായവിധിയും മനുഷ്യർക്ക് കരുതിയിക്കുന്നതുപോലെ,

എബ്രാ. 9:28 ക്രിസ്തുവും, അനേകരുടെ പാപങ്ങൾ വഹിക്കുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ട ശേഷം,...

C. ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽനിന്നും ജീവജലം സ്വീകരിക്കുന്നതിന്, നാം "വടി എടുക്കുകയും" "പാറയോട് സംസാരിക്കുകയും" ചെയ്യേണ്ട ആവശ്യമേയുള്ളൂ—സംഖ്യ. 20:8:

സംഖ്യ. 20:8 എന്നാൽ അതു വെള്ളം തരും; പാറയിൽനിന്നു അവർക്കു വെള്ളം പുറപ്പെടുവിച്ചു ജനത്തിന്നും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കേണം എന്നു അരുളിച്ചെയ്തു.

1. വടി എടുക്കുന്നത് ക്രിസ്തുവിന്റെ മരണത്തിൽ അവനുമായി ഏകീഭവിക്കുന്നതും നമ്മോടുതന്നെയും നമ്മുടെ സാഹചര്യത്തോടും ക്രിസ്തുവിന്റെ മരണത്തെ പ്രയോഗിക്കുന്നതുമാണ്.
2. പാറയോട് സംസാരിക്കുന്നത് ആത്മാവിനെ നമുക്ക് നൽകിക്കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കി ജീവന്റെ ആത്മാവിനെ നമുക്ക് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് അടിക്കപ്പെട്ട പാറയെന്ന നിലയിൽ ക്രിസ്തുവിനോട് നേരിട്ട് ഒരു വാക്ക് സംസാരിക്കുന്നതാണ്—പ്ര.നി. യോഹ. 4:10; ലൂക്കൊ. 11:13.

യോഹ. 4:10 യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും,

എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

ലൂക്കൊ. 11:13 അങ്ങനെ ദുഷ്ടന്മാരായിരിക്കേ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ഉപഹാരങ്ങളെ നൽകുവാൻ അറിയുന്നുവെങ്കിൽ, സ്വർഗത്തിൽ നിന്നുള്ള പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും!

3. ക്രിസ്തുവിന്റെ മരണത്തെ നമ്മേടുതന്നെ പ്രയോഗിക്കുകയും നമുക്ക് ആത്മാവിനെ നൽകുവാൻ വിശ്വാസത്തോടെ ക്രിസ്തുവിനോട് ആവശ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ജീവന്റെ സമ്പന്നമായ സഹായമെന്ന നിലയിൽ ജീവനുള്ള ആത്മാവിനെ നാം സ്വീകരിക്കും.

D. പാറയോട് സംസാരിക്കുന്നതിനുപകരം, മോശെ ജനത്തോട് കോപിക്കുകയും, അവരെ മത്സരികളെന്ന് കുറ്റപ്പെടുത്തുകയും, തന്റെ വടികൊണ്ട് പാറയെ രണ്ടുതവണ അടിക്കുകയും ചെയ്തു—സംഖ്യ. 20:9-11:

സംഖ്യ. 20:9 തന്നോടു കല്പിച്ചതുപോലെ മോശെ യഹോവയുടെ സന്നിധിയിൽനിന്നു വടി എടുത്തു.

സംഖ്യ. 20:10 മോശെയും അഹരോനും പാറയുടെ അടുക്കൽ സഭയെ വിളിച്ചുകൂട്ടി അവരോടു: മത്സരികളേ, കേൾപ്പിൻ; ഈ പാറയിൽനിന്നു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞു.

സംഖ്യ. 20:11 മോശെ കൈ ഉയർത്തി വടികൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു; വളരെ വെള്ളം പുറപ്പെട്ടു; ജനവും അവരുടെ കന്നുകാലികളും കുടിച്ചു.

1. മോശെ ജനത്തെ മത്സരികളായി കുറ്റംവിധിച്ചു, എന്നാൽ മോശെയായിരുന്നു ദൈവവചനത്തിനെതിരെ മത്സരിച്ചവൻ—വാ. 24; 27:14.

സംഖ്യ. 20:24 അഹരോൻ തന്റെ ജനത്തോടു ചേരും; കലഹജലത്തിങ്കൽ നിങ്ങൾ എന്റെ കല്പന മറുത്തതുകൊണ്ടു ഞാൻ യിസ്രായേൽമക്കൾക്കു കൊടുത്തിരിക്കുന്ന ദേശത്തേക്കു അവൻ കടക്കയില്ല.

സംഖ്യ. 27:14 സഭയുടെ കലഹത്തിങ്കൽ നിങ്ങൾ സീൻമരുഭൂമിയിൽവെച്ചു അവർ കാൺകെ വെള്ളത്തിന്റെ കാര്യത്തിൽ എന്നെ ശുദ്ധീകരിക്കാതെ എന്റെ കല്പനയെ മറുത്തതുകൊണ്ടു തന്നേ. സീൻമരുഭൂമിയിൽ കാദേശിലെ കലഹജലം അതു തന്നേ.

2. യിസ്രായേൽമക്കളുടെ മുമ്പിൽ യഹോവയെ വിശുദ്ധീകരിക്കുവാൻ മോശെ യഹോവയിൽ വിശ്വസിച്ചില്ല—20:12:

സംഖ്യ. 20:12 പിന്നെ യഹോവ മോശെയോടും അഹരോനോടും: നിങ്ങൾ യിസ്രായേൽമക്കൾ കാൺകെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നെ വിശ്വസിക്കാതിരുന്നതുകൊണ്ടു നിങ്ങൾ

ഈ സഭയെ ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തേക്കു കൊണ്ടുപോകയില്ല എന്നു അരുളിച്ചെയ്തു.

a. ദൈവത്തെ വിശുദ്ധീകരിക്കുകയെന്നാൽ അവനെ വിശുദ്ധനാക്കുക അതായത്, എല്ലാ വ്യാജ ദൈവങ്ങളിൽനിന്നും അവനെ വേർതിരിക്കുക എന്നാണ്; ദൈവത്തെ വിശുദ്ധീകരിക്കുന്നതിൽ പരാജയപ്പെടുന്നത് അവനെ സാമാന്യമാക്കുന്നാണ്.

b. ദൈവത്തിന് കോപമില്ലാതിരിക്കുമ്പോൾ ജനത്തോട് കോപിച്ചതിൽ, മോശെ ദൈവത്തിന്റെ വിശുദ്ധ പ്രകൃതത്തിൽ ദൈവത്തെ ശരിയായി പ്രതിനിധീകരിച്ചില്ല; കൂടാതെ പാറയെ രണ്ടു തവണ അടിച്ചതിൽ, അവൻ ദൈവത്തിന്റെ വ്യവസ്ഥയിൽ ദൈവത്തിന്റെ വചനം പാലിച്ചില്ല; അങ്ങനെ, മോശെ ദൈവത്തിന്റെ വിശുദ്ധ പ്രകൃതത്തെയും അവന്റെ ദിവ്യ വ്യവസ്ഥയെയും വ്രണപ്പെടുത്തി.

c. ഇതു നിമിത്തം, അവൻ ദൈവവുമായി ഉറ്റബന്ധം പുലർത്തിയിരുന്നെങ്കിലും, ദൈവത്തിന്റെ സ്നേഹിതനായി കണക്കാക്കപ്പെട്ടിരുന്നെങ്കിലും (പുറ. 33:11), നല്ലദേശത്ത് പ്രവേശിക്കുവാനുള്ള അവകാശം മോശെയ്ക്ക് നഷ്ടമായി.

പുറ. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

3. ദൈവജനത്തെ സംബന്ധിച്ച് നാം പറയുന്നതും ചെയ്യുന്നതുമായ എല്ലാറ്റിലും നമ്മുടെ മനോഭാവം ദൈവത്തിന്റെ വിശുദ്ധ പ്രകൃതത്തിനനുസൃതമായിരിക്കുകയും, നമ്മുടെ പ്രവൃത്തികൾ അവന്റെ ദിവ്യ വ്യവസ്ഥയ്ക്കൊത്തവണ്ണമായിരിക്കുകയും വേണം; ഇതാണ് അവനെ വിശുദ്ധീകരിക്കുക എന്നത്; അല്ലാത്തപക്ഷം, നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും നാം അവനെതിരെ മത്സരിക്കുകയും അവനെ വ്രണപ്പെടുത്തുകയും ചെയ്യും.

**III. കർത്താവിന്റെ മേശയിലെ ഉള്ളടക്കമെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ യാഥാർഥ്യമാണ്—1 കൊരി. 10:16-17, 21; 11:23-26:**

1 കൊരി. 10:16 നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

1 കൊരി. 10:21 നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും പാനം ചെയ്യുവാൻ കഴിയുകയില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിൽ നിന്നും ഭൂതങ്ങളുടെ മേശയിൽനിന്നും പങ്കുകൊള്ളുവാൻ

കഴിയുകയില്ല.

1 കൊരി. 11:23 ഞാൻ കർത്താവിൽ നിന്നു സ്വീകരിച്ചത് നിങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്നു, കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്ത്,

1 കൊരി. 11:24 സ്തോത്രം ചൊല്ലി, നുറുക്കി, ഇത് നിങ്ങൾക്കു വേണ്ടി നൽകപ്പെട്ട എന്റെ ശരീരം ആകുന്നു; എന്റെ, ഓർമയ്ക്കായി ഇത് ചെയ്യുവിൻ എന്നു പറഞ്ഞു.

1 കൊരി. 11:25 അതുപോലെ അത്താഴം കഴിച്ചശേഷം പാനപാത്രവും എടുത്തു പറഞ്ഞത്: ഈ പാനപാത്രം എന്റെ രക്തത്തിൽ സ്ഥാപിച്ച പുതിയ ഉടമ്പടി ആകുന്നു; ഇത് നിങ്ങൾ കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.

1 കൊരി. 11:26 നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രഖ്യാപിക്കുന്നു.

A. കർത്താവിന്റെ മേശയുടെ ഊന്നൽ അവന്റെ രക്തത്തിന്റെയും ശരീരത്തിന്റെയും കൂട്ടായ്മയാണ്, അതായത്, അന്യോന്യം, കൂട്ടായ്മയിൽ കർത്താവിൽ പങ്കുചേരുന്നതിലും, കർത്താവിനെ ആസ്വദിക്കുന്നതിലും ആണ്—10:16-17, 21:

1 കൊരി. 10:16 നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

1 കൊരി. 10:21 നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും പാനം ചെയ്യുവാൻ കഴിയുകയില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിൽ നിന്നും ഭൂതങ്ങളുടെ മേശയിൽനിന്നും പങ്കുകൊള്ളുവാൻ കഴിയുകയില്ല.

1. നമ്മുടെ വിരുന്നായി നാം അവനിൽ പങ്കുചേരുവാനും അവനെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലൂടെ അവനെ ആസ്വദിക്കുവാനുമായി കർത്താവ് അവനെത്തന്നെ നമുക്ക് നൽകിയിരിക്കുന്നു; നല്ലദേശത്തിന്റെ വിളവിന്റെ യാഥാർഥ്യമായ നമ്മുടെ വിരുന്നായിത്തീരുന്നതിനായി, ക്രിസ്തു പ്രക്രിയാവിധേയനാകണമായിരുന്നു—പ്ര.നി. ആവ. 8:7-10:

ആവ. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്‌വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

ആവ. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

ആവ. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം

കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

ആവ. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

a. ക്രിസ്തു ജഡാവതാരം ചെയ്തിരുന്നില്ലെങ്കിൽ അവന് രക്തവും ശരീരവും ഉണ്ടാകുമായിരുന്നില്ല; ജഡാവതാരത്തിലൂടെ ക്രിസ്തു രക്തവും മാംസവും ഉള്ള ഒരു മനുഷ്യശരീരം ധരിച്ചു—എബ്രാ. 2:14.

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

b. ക്രിസ്തു ക്രൂശിക്കപ്പെട്ടില്ലായിരുന്നെങ്കിൽ, അവന്റെ ശരീരത്തിൽനിന്നും അവന്റെ രക്തത്തെ വേർപെടുത്തുവാൻ കഴിയുമായിരുന്നില്ല; ക്രൂശുമരണത്തിലൂടെ അവന്റെ രക്തം അവന്റെ ശരീരത്തിൽനിന്ന് വേർപെടുത്തപ്പെട്ടു—യോഹ. 6:53-55.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 6:54 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

യോഹ. 6:55 എന്തെന്നാൽ എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ രക്തം സത്യ പാനീയവും ആകുന്നു.

c. ക്രിസ്തു ഉയിർത്തെഴുന്നേറ്റിരുന്നില്ലെങ്കിൽ, മേശയിൽ നമ്മുടെ ഭക്ഷണമായി അവൻ ഉണ്ടായിരിക്കുമായിരുന്നില്ല; നമ്മുടെ പോഷണത്തിനും ആസ്വാദനത്തിനുമുള്ള ഒരു വിരുന്നായി പുനരുത്ഥാനത്തിൽ അവൻ നമുക്ക് മേശപ്പുറത്ത് വിളമ്പപ്പെടുന്നു; തന്റെ ശരീരവും തന്റെ രക്തവും നമുക്ക് നൽകുന്നവൻ സർവവും-ഉൾക്കൊള്ളുന്ന ജീവൻ-നൽകുന്ന ആത്മാവായി പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണ്—1 കൊരി. 15:45; 2 കൊരി. 3:17.

1 കൊരി. 15:45 ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2. കർത്താവായ യേശു “അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, ശിഷ്യന്മാർക്കു നല്കിയിട്ട്, വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരമാകുന്നു എന്നു പറഞ്ഞു”—മത്താ. 26:26:

a. അപ്പം ജീവനെ, ദൈവജീവനെ, നിത്യജീവനെ സൂചിപ്പിക്കുന്നു; നമ്മിലേക്ക് ജീവൻ പകരുന്നതിനായി അവൻ ക്രൂശിൽ നമുക്കുവേണ്ടി നൽകിയ കർത്താവിന്റെ ഭൗതിക ശരീരത്തെ അപ്പം സൂചിപ്പിക്കുന്നു—യോഹ. 6:35, 57, 63; ലൂക്കൊ. 22:19.

| | |
|---|---|
| യോഹ. 6:35 | യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല. |
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |
| ലൂക്കൊ. 22:19 | പിന്നെ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി, നുറുക്കി, ഇത് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരം ആകുന്നു; എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞുകൊണ്ട് അവർക്കു നൽകി. |

b. ദിവ്യ ഭരണം നിവർത്തിക്കുന്നതിനുവേണ്ടി ക്രിസ്തു തന്റെ സ്വർഗീയ ശുശ്രൂഷ നിർവഹിക്കുവാനുള്ള മുഖാന്തരമായ കർത്താവിന്റെ മാർമിക ശരീരത്തെയും അപ്പം സൂചിപ്പിക്കുന്നു—എഫെ. 1:22-23; 4:16; വെളി. 5:6.

| | |
|---|---|
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന |

ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

c. ജീവന്റെ അപ്പമായി അവനെ ഭക്ഷിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ട് കർത്താവിന്റെ ദിവ്യജീവനിൽ പങ്കുചേരുന്നതിലൂടെ, നാം അവന്റെ മാർമിക ശരീരം, അവന്റെ വികാസം ആയിത്തീരുന്നു—1 കൊരി. 10:17; 12:27.

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

3. കർത്താവായ യേശു ഒരു പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അതിനെ അവർക്ക് കൊടുത്തിട്ടു പറഞ്ഞു: "ഇതിൽനിന്ന് നിങ്ങൾ എല്ലാവരും കുടിക്കുവിൻ, എന്തെന്നാൽ ഇത് അനേകർക്കുവേണ്ടി, പാപങ്ങളുടെ ക്ഷമയ്ക്കായി ഒഴിക്കപ്പെടുന്ന ഉടമ്പടിയുടെ എന്റെ രക്തമാകുന്നു"—മത്താ. 26:27-28:

a. ദൈവംതന്നെ നമ്മുടെ ഓഹരിയായ അനുഗ്രഹത്തെ പാനപാത്രം സൂചിപ്പിക്കുന്നു—സങ്കീ. 16:5.

സങ്കീ. 16:5 എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്കു യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു.

b. കർത്താവിന്റെ രക്ഷ നമ്മുടെ ഓഹരി, കവിഞ്ഞൊഴുകുന്ന രക്ഷയുടെ പാനപാത്രം ആയിത്തീർന്നിരിക്കുന്നു, അതിന്റെ ഉള്ളടക്കം നമ്മുടെ സർവവും-ഉൾക്കൊള്ളുന്ന അനുഗ്രഹമെന്ന നിലയിൽ ദൈവമാണ്—116:13; 23:5.

സങ്കീ. 116:13 ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

സങ്കീ. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

c. പുതിയ ഉടമ്പടിയുടെ രക്തമായ ക്രിസ്തുവിന്റെ രക്തം നമ്മെ പുതിയ ഉടമ്പടിയിലേക്ക് നയിക്കുന്നു, അതിൽ ദൈവം നമുക്ക് ഒരു പുതിയ ഹൃദയവും, ഒരു പുതിയ ആത്മാവും, അവന്റെ ആത്മാവിനെയും, ജീവന്റെ ആന്തരിക പ്രമാണത്തെയും, ദൈവത്തെ അറിയുവാനും ദൈവത്തെ സ്വായത്തമാക്കുവാനും ദൈവത്താൽ സ്വായത്തമാക്കപ്പെടുവാനുമുള്ള ജീവപ്രാപ്തിയും നൽകുകയും, നമ്മുടെ എല്ലാ അകൃത്യങ്ങളും ക്ഷമിക്കുയും മറക്കുകയും ചെയ്യുന്നു എന്ന അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു—യെഹെ. 36:26-27; ലൂക്ക. 22:20; എബ്രാ. 8:10-12; സങ്കീ. 103:1-3, 12.

യെഹെ. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ

ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

യെഹെ. 36:27 ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.

ലൂക്കൊ. 22:20 അതുപോലെതന്നെ അവർ അത്താഴം കഴിച്ചശേഷം പാനപാത്രം എടുത്തു പറഞ്ഞത്, ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയപ്പെടുന്ന, എന്റെ രക്തത്തിൽ സ്ഥാപിച്ച പുതിയ ഉടമ്പടി ആകുന്നു.

എബ്രാ. 8:10 ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവുമാകും.

എബ്രാ. 8:11 അവരിൽ ആരും ഒരുവിധത്തിലും തന്റെ സഹപൗരനെയും തന്റെ സഹോദരനെയും, കർത്താവിനെ അറിയുവിൻ എന്നു പറഞ്ഞുകൊണ്ട് ഉപദേശിക്കുകയില്ല; അവരുടെ ഇടയിൽ ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും എന്നെ അറിയും.

എബ്രാ. 8:12 എന്തെന്നാൽ ഞാൻ അവരുടെ അനീതികളോട് അനുനയമുള്ളവനാകും, അവരുടെ പാപങ്ങളെ ഇനിമേൽ ഒരുവിധത്തിലും ഞാൻ ഓർക്കുകയില്ല."

സങ്കീ. 103:1 ദാവീദിന്റെ ഒരു സങ്കീർത്തനം. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.

സങ്കീ. 103:2 എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.

സങ്കീ. 103:3 അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു;

സങ്കീ. 103:12 ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു.

d. ഉടമ്പടിയുടെ രക്തം നമ്മെ അതിവിശുദ്ധസ്ഥലത്തുള്ള ദൈവസാന്നിധ്യത്തിലേക്ക് നയിക്കുന്നു, അവിടെ നാം ദൈവത്തിന്റെ സന്നിവേശലിലേക്കും നിവേശിക്കലിലേക്കും,

ദൈവത്തിന്റെ നിത്യാസ്വാദനത്തിലേക്കുമുള്ള അവന്റെ മനോഹരത്വം കാണുന്നു; ഈ രീതിയിൽ ദൈവത്തെ ആസ്വദിക്കുന്നതാണ് ഒരു ദൈവമനുഷ്യനെ ഉളവാക്കുന്നത്—27:4; പുറ. 24:8; പ്ര.നി. ലേവ്യ. 16:11-16.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

പുറ. 24:8 അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു; ഈ സകലവചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു.

ലേവ്യ. 16:11 പിന്നെ തനിക്കു വേണ്ടിയുള്ള പാപയാഗത്തിന്റെ കാളയെ അഹരോൻ അർപ്പിച്ചു തനിക്കും കുടുംബത്തിന്നും വേണ്ടി പ്രായശ്ചിത്തം കഴിച്ചു തനിക്കു വേണ്ടിയുള്ള പാപയാഗത്തിന്റെ കാളയെ അറുക്കേണം.

ലേവ്യ. 16:12 അവൻ യഹോവയുടെ സന്നിധിയിൽ യാഗപീഠത്തിന്മേൽ ഉള്ള തീക്കനൽ ഒരു കലശത്തിൽനിറെച്ചു സൗരഭ്യമുള്ള ധൂപവർഗ്ഗചൂർണ്ണം കൈ നിറയ എടുത്തു തിരശ്ശീലക്കകത്തു കൊണ്ടുവരേണം.

ലേവ്യ. 16:13 താൻ മരിക്കാതിരിക്കേണ്ടതിന്നു ധൂപത്തിന്റെ മേഘം സാക്ഷ്യത്തിന്മേലുള്ള പ്രായശ്ചിത്ത മൂടിയെ മറെപ്പാൻ തക്കവണ്ണം അവൻ യഹോവയുടെ സന്നിധിയിൽ ധൂപവർഗ്ഗം തീയിൽ ഇടേണം.

ലേവ്യ. 16:14 അവൻ കാളയുടെ രക്തം കുറെ എടുത്തു വിരൽകൊണ്ടു കിഴക്കോട്ടു പ്രായശ്ചിത്ത മൂടിയിന്മേൽ തളിക്കേണം; അവൻ രക്തം കുറെ തന്റെ വിരൽകൊണ്ടു പ്രായശ്ചിത്ത മൂടിയുടെ മുമ്പിലും ഏഴു പ്രാവശ്യം തളിക്കേണം.

ലേവ്യ. 16:15 പിന്നെ അവൻ ജനത്തിന്നുവേണ്ടിയുള്ള പാപയാഗത്തിന്റെ കോലാട്ടുകൊറ്റനെ അറുത്തു രക്തം തിരശ്ശീലെക്കകത്തു കൊണ്ടുവന്നു കാളയുടെ രക്തംകൊണ്ടു ചെയ്തതുപോലെ ഇതിന്റെ രക്തംകൊണ്ടും ചെയ്തു അതിനെ പ്രായശ്ചിത്ത മൂടിയിന്മേലും പ്രായശ്ചിത്ത മൂടിയുടെ മുമ്പിലും തളിക്കേണം.

ലേവ്യ. 16:16 യിസ്രായേൽമക്കളുടെ അശുദ്ധികൾനിമിത്തവും അവരുടെ സകലപാപവുമായ ലംഘനങ്ങൾനിമിത്തവും അവൻ വിശുദ്ധമന്ദിരത്തിന്നു പ്രായശ്ചിത്തം കഴിക്കേണം; അവരുടെ ഇടയിൽ അവരുടെ

അശുദ്ധിയുടെ നടുവിൽ ഇരിക്കുന്ന സമാഗമനകൂടാരത്തിന്നും അവൻ അങ്ങനെ തന്നേ ചെയ്യേണം.

e. ആത്യന്തികമായി, നിത്യ ഉടമ്പടിയായ, ഉടമ്പടിയുടെ രക്തം, ദൈവജനത്തെ ജീവവൃക്ഷവും ജീവജലവുമായ ദൈവത്തിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് ഇപ്പോഴും നിത്യതയോളവും നയിക്കുന്നു—എബ്രാ. 13:20; വെളി. 7:14, 17; 22:1-2, 14, 17.

എബ്രാ. 13:20 നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം,

വെളി. 7:14 ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ. അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു.

വെളി. 7:17 എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ.

വെളി. 22:17 വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ.

B. “നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവിന്റെ വരവോളം അവന്റെ മരണത്തെ പ്രഖ്യാപിക്കുന്നു”—1 കൊരി. 11:26; പ്ര.നി. റോമ. 5:10:

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

1. *കർത്താവിന്റെ മരണത്തെ പ്രഖ്യാപിക്കുന്നത്* കർത്താവിന്റെ മരണത്തെ പ്രഖ്യാപിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ്; അവന്റെ ജീവൻ-വിടുവിക്കുന്ന മരണത്തെ പ്രഖ്യാപിക്കുകയെന്നാൽ സഭയെ ഉളവാക്കുവാനുള്ള അവന്റെ നൈതിക വീണ്ടെടുപ്പിനായുള്ള അവന്റെ ഒന്നാമത്തെ വരവിനെ പ്രഖ്യാപിക്കുക എന്നാണ്—യോഹ. 12:24; 19:34.

   യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

   യോഹ. 19:34 എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.

2. *വരവോളം* എന്നത് ക്രിസ്തുവിന്റെ ജൈവിക രക്ഷയുടെ പ്രക്രിയയിൽ അവനെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലൂടെ സഭ അവന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള വിടവ് നികത്തുന്നു എന്നു വിവക്ഷിക്കുന്നു.
3. *കർത്താവിന്റെ വരവ്* എന്നത് മത്തായി 26:29-ൽ കർത്താവ് പറഞ്ഞതുപോലെ, ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനുള്ള അവന്റെ രണ്ടാമത്തെ വരവാണ്: “ഇപ്പോൾ മുതൽ, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ അതിനെ പുതുതായി കുടിക്കുന്ന ആ നാൾ വരെയും, മുന്തിരിവള്ളിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ ഒരുവിധത്തിലും കുടിക്കുകയില്ല.”
4. അങ്ങനെ, കർത്താവ് വരുന്നതുവരെ അവന്റെ മരണത്തെ പ്രഖ്യാപിക്കുക എന്നത്, സഭ നിലനിൽക്കുന്നത് രാജ്യത്തെ കൊണ്ടുവരാനാണെന്ന് പ്രഖ്യാപിക്കുന്നതാണ്; നാം കർത്താവിന്റെ അത്താഴം ഭക്ഷിക്കുന്നത് കർത്താവിന്റെ രണ്ടു വരവുകളിലുള്ള അവന്റെ സ്മരണയിൽ പരിണമിക്കണം.